**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 63** | **29-01-2024 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതിയുടെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | പദ്ധതിയുടെ പുരോഗതി ചുവടെ ചേർക്കുന്നു:-<br><br>i) 7055 കിലോമീറ്റർ ബാക്ക് ബോൺ, 20227 കി.മീ. എ.ഡി.എസ്.എസ് (All Di-electric Self Supporting Cable), ഒ.എഫ്.സി, ആക്സസ് കേബിൾ, 374 പോയിന്റ് ഓഫ് പ്രെസെൻസുകൾ, നെറ്റ് വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐറ്റി/ നോൺ ഐറ്റി സംബന്ധമായ പണികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.<br>ii) 20,398 ഓഫീസുകളിൽ / സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തി.<br>iii) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 5497 വീട്ടുകളിൽ കെ-ഫോൺ സേവനം സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്.<br>iv) പുതിയ കണക്ഷനുകളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി 'എന്റെKFON (enteKFON) മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ്സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.<br>v) ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി നൽകുന്നതിനായി 2106 ലാസ്റ്റ് മൈൽ നെറ്റ് വർക്ക് പ്രൊവൈഡർ (LNP) മാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.<br>vi) 2167 ഫൈബർ ടു ദ ഹോം കണക്ഷനുകളും 62 ഇന്റർനെറ്റ് ലീസ് ലൈൻ കണക്ഷനുകളും നൽകിയിട്ടുണ്ട്. കൂടാതെ, 2909 കിലോ മീറ്റർ ഡാർക്ക് ഫൈബർ ലീസിനു നൽകിയിട്ടുണ്ട്.<br>vii ) കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (ഐ.പി.1) സർട്ടിഫിക്കേഷൻ, ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി.-ബി) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്. National Long Distance (NLD ) ലൈസൻസ് ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ അവസാന ഘട്ടത്തിലാണ് . |
| (ബി) | ഈ പദ്ധതിക്ക് വേണ്ടി ആകെ വേണ്ടിവരുന്ന | (ബി) | നികുതികൾക്ക് പുറമെ 1548.08 കോടി രൂപയുടെ |

| | | | |
|---|---|---|---|
| | ചെലവ് എത്രയാണെന്നും ഇതുവരെ എത്ര രൂപ ഇതിനായി ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ; | | ഭരണാനുമതിയാണ് കെ-ഫോൺ പദ്ധതിയ്ക്ക് നൽകിയത്. 724.22 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ എത്ര ഗുണഭോക്താക്കളെയാണ് ലക്ഷ്യമിട്ടിരുന്നതെന്നും ഇതിനകം എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (സി) | കെ-ഫോൺ പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന 30,438 സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ 28,435 ഇടങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ 20,398 ഇടങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ സൗജന്യമായി നൽകാൻ ഉദ്ദേശിച്ചിരുന്നു. ഇതിൽ, തുടക്കത്തിൽ ലക്ഷ്യമിട്ട 14,000 സൗജന്യ ഗാർഹിക കണക്ഷനുകളിൽ 5497 എണ്ണം ഇതുവരെ നൽകിയിട്ടുണ്ട്. |
| (ഡി) | ഓഫീസുകൾ, സൗജന്യമായി നൽകുന്ന കണക്ഷനുകൾ എന്നിവ ഒഴികെ താരിഫ് പ്ലാൻ തെരഞ്ഞെടുത്തവർക്ക് ഇതിനകം എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ട് എന്ന് വിശദമാക്കുമോ; | (ഡി) | കെ-ഫോൺ മുഖേന 2167 വാണിജ്യ ഗാർഹിക കണക്ഷനുകൾ ഇതിനകം നൽകിയിട്ടുണ്ട് |
| (ഇ) | വീടുകളിൽ കെ-ഫോൺ ലഭ്യമാക്കുന്നതിനുള്ള ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് ദാതാവിനെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഇ) | വീടുകളിൽ കെ ഫോൺ കണക്ഷനുകൾ ലഭ്യമാക്കുന്നതിനുള്ള താല്പര്യം അറിയിച്ച 3562 ലാസ്റ്റ് മൈൽ നെറ്റ് വർക്ക് ദാതാക്കളിൽ 2106 പേരെ നിലവിൽ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (എഫ്) | കെ-ഫോൺ എസ്.ആർ.ഐ.ടി. എന്ന സ്ഥാപനവുമായി എന്ത് കരാറിലാണ് ഏർപ്പെട്ടിട്ടുള്ളതെന്നും പദ്ധതിയുടെ ഭാഗമായി ഇതിനകം അവർ ചെയ്ത സേവനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എഫ്) | മാനേജ്ഡ് സർവീസ് പ്രൊവൈഡർ (MSP ) എന്ന നിലയിലുള്ള സേവനം ലഭ്യമാക്കുന്നതിനായി എസ്.ആർ.ഐ.ടി. ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനവുമായി കെ.എസ്.ഐ.ടി.ഐ.എൽ. കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.<br>ഡാർക്ക് ഫൈബർ ലീസ് ചെയ്യുക, വീടുകളിൽ കെ-ഫോൺ കണക്ഷനുകൾ ലഭ്യമാക്കുന്നതിനുള്ള ലാസ്റ്റ് മൈൽ നെറ്റ് വർക്ക് ദാതാക്കളെ തെരഞ്ഞെടുക്കുക എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തികളാണ് എസ്.ആർ.ഐ.ടി. ഇന്ത്യ ലിമിറ്റഡ് ഇതുവരെ ചെയ്തിട്ടുള്ളത്. |
| (ജി) | കെ-ഫോൺ സംബന്ധിച്ച സി.എ.ജി. നിരീക്ഷണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ജി) | 2018-2023 കാലഘട്ടത്തിലെ കെ.എസ്.ഐ.ടി.ഐ.എൽ- ന്റെ പ്രവർത്തനം സംബന്ധിച്ച ഓഡിറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ടിലെ കെ-ഫോൺ പദ്ധതി സംബന്ധിച്ച നിരീക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സംബന്ധിച്ച് കെ.എസ്.ഐ.ടി.ഐ.എൽ. മാനേജിങ് ഡയറക്ടർ സി&എ.ജി-യ്ക്ക് മറുപടി |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. ഓഡിറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ